(സി) സംസ്ഥാനാവിഷ്ക്കൃത നെൽക്കൃഷി വികസന പദ്ധതി പ്രകാരം 2004-05-ൽ 1080 ലക്ഷം രൂപയ്ക്കും കേന്ദ്രാവിഷ്ക്കൃത പദ്ധതിപ്രകാരം 800 ലക്ഷം രൂപയ്ക്കുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ശാസ്ത്രീയമായ കൃഷി രീതികൾ അവലംബിച്ചും ഒരു പരിധിവരെ യന്ത്രവൽക്കരണം നടപ്പിലാക്കിയും ഉല്പാദന ചെലവ് കുറയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുവാനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചുവരുന്നു. നെൽക്കൃഷിക്ക് പൂർണ്ണമായി വൈദ്യുതി സൗജന്യം നൽകുന്നത് കൂടാതെ കൊയ്ത്ത് കാലത്ത് സർക്കാർ വിപണിയിൽ ഇടപെട്ട് കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായവില ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഉല്പാദനോപാദികൾ ലഭ്യമാക്കാനും സംസ്കരണ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നെൽക്കൃഷി വികസനത്തിനായി രൂപീകരിച്ചിട്ടുള്ള വികസന ഏജൻസികൾക്ക് പ്രത്യേക ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഗ്രൂപ്പുഫാമിംഗ് പദ്ധതിപ്രകാരം ഹെക്ടറിന് 1,000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു. ഇതുകൂടാതെ നെൽക്കൃഷി ഉൾപ്പെടെ കുട്ടനാടിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽപ്പെട്ട ഏകദേശം 33000 ഹെക്ടർ വരുന്ന ചെറുതും വലുതുമായ 598-നുമേൽ പാടശേഖരങ്ങളുടെ വികസനത്തിനായി നബാർഡിന്റെ ധനസഹായത്തോടെ 200 കോടി രൂപയ്ക്കുള്ള ഒരു ബൃഹത്പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു

റേഷൻ കടകൾവഴി പൊതുവിതരണ സമ്പ്രദായം

*7 [67] ശ്രീ. ജോർജ് ജെ. മാത്യു:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, വി. ഡി. സതീശൻ:

,, കെ. പി. വിശ്വനാഥൻ:

,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടവഴി ഇപ്പോൾ എന്തെല്ലാം സാധനങ്ങളാണ് വിതരണം ചെയ്യുന്നത്;

(ബി) വിവിധ ഗണത്തിൽപ്പെട്ട കാർഡുടമകൾക്ക് ഇവ എന്ത് വിലയ്ക്കാണ് വിതരണം ചെയ്തുവരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരിൽ പലരും റേഷൻ സാധനങ്ങൾ വാങ്ങാതിരിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) റേഷൻ കടകൾവഴി അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, പി. ഡി. എസ്സ്. ആട്ട എന്നിവ വിതരണം നടത്തുന്നുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകൾവഴി സിവിൽസപ്ലൈസ് കോർപ്പറേഷനിൽ നിന്നും എടുക്കുന്ന പലവ്യഞ്ജനങ്ങളും, പയർ വർഗ്ഗങ്ങളും വിതരണം നടത്തുന്നുണ്ട്.

(ബി) എ.പി.എൽ. കാർഡ്:

അരി	—	8.90 രൂപ കി.ഗ്രാമിന്
ഗോതമ്പ്	—	6.70 രൂപ കി.ഗ്രാമിന്
മണ്ണെണ്ണ	—	രൂപ 9.50 മുതൽ 9.70 വരെ ലിറ്ററിന്.

ബി.പി.എൽ. കാർഡ്:

അരി	—	6.20 രൂപ കി. ഗ്രാമിന്
ഗോതമ്പ്	—	4.70 രൂപ കി. ഗ്രാമിന്
പഞ്ചസാര	—	13.50 രൂപ കി. ഗ്രാമിന്
മണ്ണെണ്ണ	—	രൂപ 9.50 മുതൽ 9.70 വരെ ലിറ്ററിന്.

അന്നപൂർണ്ണ കാർഡുടമകൾക്ക്:

10 കിലോഗ്രാം അരി പ്രതിമാസം സൗജന്യമായി നൽകുന്നുണ്ട്.

അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയ കാർഡുകൾക്ക്:

പ്രതിമാസം 35 കിലോഗ്രാം അരി 3 രൂപ നിരക്കിൽ നൽകുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, റേഷൻ കടവഴി വിതരണം ചെയ്യുന്ന സാധനങ്ങൾ അതാത് മാസങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്കാണ് വിൽപ്പന നടത്തുന്നത്.

(സി) ഉണ്ട്.

അഗ്രി എക്സ്പോർട്ട് സോൺ

*8 [68] ശ്രീ. ഉമേഷ് ചള്ളിയിൽ:

,, എ. എൻ. രാജൻ ബാബു:

,, കെ. കെ. ഷാജു:

,, ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കാർഷികവിളകൾക്ക് മെച്ചപ്പെട്ട വിലനിലവാരം ലഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly